# കീടനാശിനി വിരുദ്ധ വാർഡ്

മേപ്പാടി പഞ്ചായത്തിലെ 11-ാം വാർഡ് കീടനാശിനി വിരുദ്ധവാർഡായി മാറുന്നു. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ചോല പ്രകൃതി പഠന കേന്ദ്രവും നവജ്യോതി അയൽക്കൂട്ടവും സംയുക്തമായി സംഘടിപ്പിച്ച 'കൃഷിയും ആരോഗ്യവും' എന്ന സെമിനാറിലാണ് ഈ തീരുമാനം എടുത്തത്. കീടനാശിനിയിൽ നിന്നുള്ള സ്വാതന്ത്ര്യമാണ് ഈ സ്വാതന്ത്ര്യദിനത്തിൽ കർഷകർ പ്രഖ്യാപിക്കേണ്ടതെന്ന് തിരുവനന്തപുരം 'തണൽ' പരിസ്ഥിതി ഗവേഷണ സ്ഥാപനത്തിലെ എസ്. ഉഷ അഭിപ്രായപ്പെട്ടു. കാസർകോട് എൻഡോസൾഫാൻ കീടനാശിനി പ്രയോഗത്തെ കുറിച്ചുള്ള ഗവേഷണ അനുഭവങ്ങൾ പങ്കിട്ടവർ വയനാട്ടിലെ ഗ്രാമങ്ങളും എൻഡോസൾഫാൻ പോലുള്ള രാസവിഷങ്ങളുടെ പിടിയിലാണെന്ന് പറഞ്ഞു. ജൈവകൃഷി സംസ്കാരത്തിലൂടെ ധാർമ്മികയിലൂന്നിയ കാർഷികസംസ്കാരം തിരിച്ചുകൊണ്ടുവരണമെന്നും അവർ പറഞ്ഞു.